# കേരള സർവകലാശാല

നം.പി.ആർ.141/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി വച്ചു

ഓഗസ്റ്റ് 4നു നിശ്ചയിച്ചിരുന്ന അവസാന വർഷ ബി.എഫ്.എ. ഒന്നാം സെമെസ്റ്റർ എം.എഫ്.എ. പരീക്ഷകളും ഓഗസ്റ്റ് 10നു തുടങ്ങാനിരുന്ന ഒന്നാം വർഷ ബി.എഫ്.എ. പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ഹെല്പ് ഡസ്കിന്റെ സേവനം പ്രയോജനപ്പെടുത്തണം

കോവിഡ് 19 ന്റെ വ്യാപനം മൂലം ലോക്ക്ഡൌൺ പ്രഖ്യാപിച്ചിട്ടുള്ള തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെട്ട സർവ്വകലാശാലയിൽ സന്ദർശകർക്ക് വിലക്കുള്ളതിനാൽ പരീക്ഷകളുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് ഹെൽപ് ഡസ്കിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് പരീക്ഷാകൺട്രോളർ അറിയിച്ചു. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10:30 മുതൽ വൈകിട്ട് 5 മണി വരെ 9188526674, 9188526670 എന്നീ ഫോൺനമ്പരുകളിലോ examhelpdesk1@keralauniversity.ac.in, examhelpdesk2@keralauniversity.ac.in എന്ന ഈ-മെയിൽ മുഖാന്തരമോ വിദ്യാർത്ഥികൾക്ക് ബന്ധപ്പെടാവുന്നതാണ്.

### ബിരുദ പ്രവേശനം - സ്പോർട്സ് ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള സ്പോർട്സ് ക്വാട്ട പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയ കോളേജുകളിൽ (സ്പോർട്സ് ക്വാട്ടയിൽ പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-

മെയിൽ മുഖാന്തിരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ മെയിൽ ഐഡി അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യുകയും നിശ്ചിത തീയതിക്ക് മുൻപായി കോളേജിൽ പ്രൊഫോമ സമർപ്പിക്കുകയോ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യുന്നവർ മാത്രമേ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുകയുള്ളൂ. പ്രൊഫോമ സമർപ്പിച്ചിട്ടുള്ള കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ മാത്രമെ അപേക്ഷാർത്ഥി ഉൾപ്പെടുകയുള്ളൂ എന്നുള്ള കാര്യം ശ്രദ്ധിക്കുക.

## ബി.എ മ്യൂസിക് പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മൂന്ന് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ (എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ് കോളേജ് ഫോർ വിമെൻ, നീറമൺര, തിരുവനന്തപുരം, ഗവൺമെന്റ് കോളേജ് ഫോർ വിമെൻ, തിരുവനന്തപുരം, എസ്.എൻ. കോളേജ് ഫോർ വിമെൻ, കൊല്ലം) ബി.എ മ്യൂസിക് കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷാ ഫോമിന്റെ പകർപ്പ് അതത് കോളേജുകളിൽ നേരിട്ടോ ഇ-മെയിൽ മുഖാന്തരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ മെയിൽ ഐഡി അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം കോളേജുകളിൽ അപേക്ഷ നേരിട്ട് സമർപ്പിക്കുകയോ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യുന്നവരെ മാത്രമേ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

## ശ്രീ.സ്വാതി തിരുനാള് ള്‍ ഗവ.കോളേജ് ഓഫ് മ്യൂസിക് ബി.പി.എ (Bachelor of Performing Arts) പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ശ്രീ.സ്വാതി തിരുനാൾ ഗവൺമെന്റ് കോളേജ് ഓഫ് മ്യൂസിക് (തൈക്കാട്, തിരുവനന്തപുരം) ബി.പി.എ പ്രവേശനത്തിനുള്ള അപേക്ഷാഫോം അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in) ലഭ്യമാണ്. പ്രസ്തുത

അപേക്ഷാഫോം പൂരിപ്പിച്ച് കോളേജിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. കോളേജിന്റെ ഇ-മെയിൽ വിലാസം sstgmc@gmail.com . വിശദവിവരങ്ങൾക്ക് 0471-2323027 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുക.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**30.07.2020**


**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in



**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**